# കേരള കാർഷിക സർവ്വകലാശാല
## ജില്ലാ കാർഷിക കാലാവസ്ഥ യൂണിറ്റ്
## കൃഷി വിജ്ഞാന കേന്ദ്രം, പാലക്കാട്

ഫോൺ0466 2212279 ഇമെയിൽ: kvkpalakkad@kau.in


## കാർഷിക കാലാവസ്ഥ ഉപദേശക ബുള്ളറ്റിൻ
## പാലക്കാട്

കേരള കാർഷിക സർവ്വകലാശാലയുടെയും ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിന്റെയും പാലക്കാട് ജില്ല കാർഷിക കാലാവസ്ഥ യൂണിറ്റിന്റെയും കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

**എ.എ.എസ്. 89 /2023 ( ചൊവ്വാഴ്ച )** **തീയ്യതി: 07.11.2023**

### അടുത്ത 5 ദിവസത്തെ കാലാവസ്ഥ പ്രവചനം

| കാലാവസ്ഥാ ഘടകങ്ങൾ | 08.11.2023 | 09.11.2023 | 10.11.2023 | 11.11.2023 | 12.11.2023 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ ) | 7 | 2 | 3 | 2 | 0.1 |
| ഉയർന്ന താപനില (°C) | 34 | 34 | 34 | 34 | 34 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 26 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 98 | 95 | 95 | 95 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 62 | 62 | 62 | 62 | 29 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | 2 | 2 | 2 | 2 | 2 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 70 | 130 | 110 | 70 | 130 |
| മേഘവ്യാപ്തി (ഒക്ട) | 8 | 8 | 8 | 8 | 7 |

ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിൻറെ പ്രവചനമനുസരിച്ചു ജില്ലയിൽ വരും ദിവസങ്ങളിൽ **ഒറ്റപ്പെട്ട ഇടങ്ങളിൽ ശക്തമായ മഴ** പ്രതീക്ഷിക്കുന്നു. കൂടിയ താപനില **34°C** വരെയും കുറഞ്ഞ താപനില **25°C** വരെയും പ്രതീക്ഷിക്കുന്നു.

### പൊതു നിർദ്ദേശങ്ങൾ:

കീട രോഗ സാധ്യത കൂടിയ സാഹചര്യമായതിനാൽ കൃത്യമായി വിളകൾ നിരീക്ഷിക്കുകയും തുടക്കത്തിൽ തന്നെ അവയെ നിയന്ത്രിക്കാൻ ശ്രമിക്കുകയും ചെയ്യുക. കീടരോഗ നിയന്ത്രണം സമീപത്തുള്ള കർഷകർ കൂട്ടായ പ്രവർത്തനത്തിലൂടെ ചെയ്യുന്നത് വീണ്ടും രോഗം ബാധിക്കുന്നതു ഇല്ലാതാക്കാൻ കഴിയും.

### കാർഷിക നിർദ്ദേശങ്ങൾ

#### വാഴ

- വാഴയിലെ **സിഗട്ടോക്ക രോഗം** തടയുന്നതിനായി നിശ്ചിത അകലത്തിൽ വാഴകൾ നടാൻ ശ്രദ്ധിക്കുക. രോഗം വന്ന ഭാഗങ്ങൾ മുറിച്ചു നശിപ്പിക്കുക. സിഗട്ടോക്ക രോഗത്തിനെതിരെ 20 ഗ്രാം സ്യൂഡോമൊണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലർത്തി തളിച്ച് കൊടുക്കുക. രോഗം മൂർഛിക്കുന്ന അവസ്ഥയിൽ 1 ml പ്രൊപികൊണാസോൾ ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തെളിഞ്ഞ കാലാവസ്ഥയിൽതളിച്ച് കൊടുക്കുക.



#### നെല്ല്

- മൂടിക്കെട്ടിയ അന്തരീക്ഷ സ്ഥിതി തുടരുന്ന സ്ഥലങ്ങളിൽ കതിരുവരാത്ത പാടങ്ങളിൽ **ലക്ഷ്മി രോഗം/ വാരിപ്പൂവ്** വരുന്നതിനു മുൻകരുതലായി പുട്ടിൽ പരുവത്തിൽ എത്തുമ്പോൾ തന്നെ പ്രൊപികൊണസോൾ 1 ml ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിക്കാവുന്നതാണ്. രോഗബാധയേറ്റ നെല്ചെടികളുടെ വിള അവശിഷ്ടങ്ങൾ നശിപ്പിച്ചു കളയുക.



| | |
|---|---|
| **നെല്ല്**<br>• നെല്ലിലെ **കുഴൽപ്പുഴു**വിന്റെ ആക്രമണം തടയുന്നതിനായി പാടത്തു കയർ വലിച്ചു കുഴൽ തള്ളിയിട്ടതിനു ശേഷം വെള്ളം വാർത്തു കളയുക. വെള്ളം കെട്ടി നിൽക്കുന്ന പാടങ്ങളിൽ 25 കിലോഗ്രാം അറക്കപ്പൊടി, ഒരു ലിറ്റർ മണ്ണെണ്ണ അല്ലെങ്കിൽ എൻജിൻ ഓയിൽ എന്നിവയുടെ മിശ്രിതം ഒരു ഏക്കർ പാടത്തിനു 75 കിലോ അറക്കപ്പൊടി എന്ന കണക്കിൽ ഇട്ടുകൊടുക്കുക. |  |
| **നെല്ല്**<br>• നെൽപ്പാടങ്ങളിൽ **തവിട്ടു പുള്ളിക്കുത്തു രോഗം** കണ്ടുവരുന്നുണ്ട്. ഇത് നിയന്ത്രിക്കുന്നതിനായി മാങ്കോസെബ് 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ പ്രൊപിനെബ് 2.5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിച്ച് കൊടുക്കുക. |  |